## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം - ആ.വ.ഡ - ജീവനക്കാര്യം - ഡോ.ശ്രീജ. കെ , അസിസ്റ്റന്റ് സർജൻ-
ശൂന്യവേതനാവധിയിലുള്ള പി.ജി പഠനത്തോടനുബന്ധിച്ചുള്ള സീനിയർ റസിഡൻസിയ്ക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - മേലെഴുത്ത് നം.ഇ.ബി.4 /76140/2020/ ആ.വ.ഡ , തീയതി- 15/10/2020

### ഉത്തരവ് നം.ഇ.എ 2 / 555 / 2020 /ആ.വ.ഡ , തീയതി -16/10/2020

ശൂന്യവേതനാവധിയിൽ പി.ജി പഠനത്തോടനുബന്ധിച്ചുള്ള സീനിയർ റസിഡൻസി, പൂർത്തിയാക്കുന്ന അസിസ്റ്റന്റ് സർജനായ ഡോ.ശ്രീജ. കെ - യുടെ അവധി 19-10-2020 ന് അവസാനിക്കുന്നതിനാൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാന് സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ.ശ്രീജ. കെ , അസിസ്റ്റന്റ് സർജനെ അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി പ്രാഥമികാരോഗ്യ കേന്ദ്രം, പള്ളിക്കത്തോട്, കോട്ടയം നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ടിയാൾ 20-10-2020 തീയതിയിൽ സർവീസിൽ തിരികെ പ്രവേശിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപനമേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിയ്ക്കായി ഉപയോഗിക്കേണ്ടതാണ്.

2020 -ലെ പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തത്സമയത്ത് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.

(ഒപ്പ്)
ഡോ.സരിത.ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് -
ഡോ. ശ്രീജ. കെ, അസിസ്റ്റന്റ് സർജൻ

പകർപ്പ്-
1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
2. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) , തിരുവനന്തപുരം
3. ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ
4. ഫയൽ / കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.16.10.20